(1)

# ★ റഷ്യയും ഇന്ത്യയും ★

## ദേശീയവും അന്താരാഷ്ട്രീയവുമായ ലക്ഷ്യങ്ങളിലുള്ള യോജിപ്പാണ് ഈ രാജ്യങ്ങളുടെ സൗഹാർദ്ദബന്ധത്തിന്നാധാരം

**എൻ. വി. കൃഷ്ണവാര്യർ**

റഷ്യയും ഇന്ത്യയും തമ്മിൽ അത്യന്തം സൗഹാർദ്ദപരങ്ങളായ ബന്ധങ്ങളാണ് ഏതാനും വർഷങ്ങളായി നിലവിലുള്ളത്. സ്വതന്ത്രഭാരതത്തിന്റെ വികസനത്തിന്ന് മുതലാളിത്തച്ചേരിയിൽനിന്നും സോഷ്യലിസ്റ്റ്ചേരിയിൽനിന്നും സാമ്പത്തിക-സാങ്കേതികസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ മുതലാളിത്തച്ചേരിയിൽനിന്നു കിട്ടിയ സഹായത്തെ ഊതിപ്പെരുപ്പിച്ചു കാണിക്കുവാനുള്ള വാസന ഇന്ത്യയിലെ വൻകിടപത്രങ്ങളും സർക്കാർ ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയപ്രവർത്തകരും പ്രകടിപ്പിച്ചുവന്നു. ഇതിൻഫലമായി, എന്തുതന്നെ വന്നാലും ഇംഗ്ലണ്ടും അമേരിക്കയും ഇന്ത്യയുടെ തുണയ്ക്ക് എത്തുമെന്ന ഒരു ധാരണ ഇന്ത്യയിൽ പരന്നു. ചൈന അതിർത്തി കടന്നു ഇന്ത്യയിലേക്ക് ആക്രമിച്ച ഘട്ടത്തിൽ ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിൽനിന്നുമുണ്ടായ പ്രതികരണം ഈ ധാരണയെ രൂഢമൂലമാക്കുകയും ചെയ്തു.

ഈ മൂഢസ്വർഗ്ഗത്തിൽനിന്ന് നമ്മെ പരുഷമായി ഉണർത്തിയത്, കഴിഞ്ഞ സെപ്റ്റംബറിൽ പാകിസ്ഥാൻ നമ്മളെ ആക്രമിച്ചപ്പോൾ ഈ രണ്ടു രാജ്യങ്ങളിലെയും ഗവർമ്മെണ്ടുകളും പത്രങ്ങളും പൊതുജനങ്ങളും പ്രകടിപ്പിച്ച, വിചിത്രതരമെന്നോ ക്രൂരമെന്നോ നമുക്കു തോന്നിയ, അഭിപ്രായങ്ങളും പെരുമാററങ്ങളുമായിരുന്നു. ഇന്ത്യ ഒററപ്പെട്ടതായി നാം കണ്ടു. ഐക്യരാഷ്ട്രസമിതിയുടെ സെക്യൂറിട്ടികൗൺസിലിൽ ഈ പ്രശ്നം ചർച്ചയ്ക്കുവന്നപ്പോൾ നമ്മുടെ ഭാഗം വാദിക്കാൻ റഷ്യയും മലയയും മാത്രമേ ഉണ്ടായിരുന്നുള്ളു. തുടർന്ന് ഇന്ത്യയിൽ ബ്രിട്ടിഷുകാർക്കെതിരായ പല പ്രകടനങ്ങളുമുണ്ടായി. ഇന്ത്യ കോമൺവെൽത്തിൽനിന്ന് ഒഴിയണമെന്ന് പലരും ആവശ്യപ്പെട്ടു. അമേരിക്കയ്ക്കെതിരായി ഇത്രയും ശക്തിമത്തായ ആവേശപ്രകടനങ്ങളുണ്ടായിക്കണ്ടില്ല. എങ്കിലും അമേരിക്കയോട് നമുക്കുണ്ടായിരുന്ന അന്ധമായ ആരാധനയ്ക്കും വിശ്വാസത്തിന്നും ഇളക്കം തട്ടിയിട്ടുണ്ട് എന്നതിൽ സംശയമില്ല.

### സഹായങ്ങൾ രണ്ടുവിധം


മുതലാളിത്തച്ചേരിയിൽ നമുക്കേററവുമധികം സഹായം ലഭിച്ചിട്ടുള്ളതു അമേരിക്കയിൽ നിന്നാണ്. അമേരിക്കൻസഹായത്തിന്റെ സ്വഭാവവും സ്വരൂപവും അപഗ്രഥിച്ചു നോക്കാൻ നമ്മുടെ രാജ്യത്ത് വളരെയൊന്നും ശ്രമം നടന്നിട്ടില്ല. അങ്ങിനെ ഒരു ശ്രമം നടത്തുകയാണെങ്കിൽ നമ്മുടെ ആയുധശക്തിയോ പട്ടാളശക്തിയോ പ്രതിരോധത്തിന്നാവശ്യമായ വ്യവസായശക്തിപോലുമോ വർദ്ധിപ്പിക്കുന്നതിലായിരുന്നില്ല അമേരിക്കയുടെ താൽപ്പര്യമെന്നു കാണാം. ജലസേചനത്തിന്നും വിദ്യുച്ഛക്ത്യുൽപാദനത്തിന്നും ഉതകുന്ന ഭക്ഡയെപ്പോലുള്ള അണക്കെട്ടുകളും മററും നിർമ്മിക്കുന്നതിന്നും "സോഷ്യൽ ഓവർഹെഡ്" എന്നു വിളിക്കപ്പെടുന്ന, വ്യവസായവൽക്കരണത്തിന്റെ മുന്നോടിയായിരിക്കേണ്ട ചില കാര്യങ്ങൾക്കുമാണ് അമേരിക്കൻസഹായം മുഖ്യമായും നമുക്കു ലഭിച്ചതു. കമ്യൂണിററി ഡവലപ്പ്മെൻറിന്ന് ലഭിച്ച സഹായവും, രൂപാകൊടുത്തുവാങ്ങാവുന്ന വിധം ലഭിച്ച ഗോതമ്പും ഇതിന്നുദാഹരണമാണ്. ചുരുക്കത്തിൽ, വലിയ പട്ടിണിയോ കലാപമോ ഇല്ലാതെ ഇന്ത്യൻ ഡമോക്രസിയാകുന്ന കാളവണ്ടി ഇഴഞ്ഞും ഞരങ്ങിയും മുന്നോട്ടുനീങ്ങണമെന്നതായിരുന്നു അമേരിക്കൻസഹായത്തിന്റെ ഉദ്ദേശം.

നമുക്ക് ഇന്നു പാകിസ്ഥാന്റെയോ ചൈനയുടെയോ ഭീഷണിയുടെ മുഖത്തു തലയുയർത്തിനോക്കിനിന്നു സംസാരിക്കാറായിട്ടുണ്ടെങ്കിൽ അതിന്റെ മുഖ്യകാരണം പ്രതിരോധത്തിന്ന് അനുപേക്ഷണീയമായ ഒരു വ്യാവസായികാടിത്തറ ഇതിനകം ഇവിടെ പണിതുകഴിഞ്ഞിട്ടുണ്ടെന്നതാണ്. ഈ അടിത്തറയുടെ പ്രമുഖഘടകങ്ങളത്രെ ഉരുക്കുവ്യവസായവും എണ്ണവ്യവസായവും ഘനയന്ത്രവ്യവസായവും. ഈ മൂന്നു വ്യവസായങ്ങളിലും നമുക്കു കാര്യമായ സഹായം ലഭിച്ചിട്ടുള്ളതു സോഷ്യലിസ്റ്റ്ചേരിയിൽപെട്ട രാജ്യങ്ങളിൽ നിന്നായിരുന്നു. ബ്രിട്ടനിലേയും ജർമ്മനിയിലേയും സ്വകാര്യവ്യവസായികൾ ഉരുക്കുല്പാദനത്തിൽ നമ്മെ സഹായിക്കാതിരുന്നിട്ടില്ല. എന്നാൽ, ഗവണ്മെണ്ടുതലത്തിൽ ഉരുക്കുല്പാദനത്തിലും. ഘനയന്ത്രവ്യവസായത്തിലും നമ്മെ സഹായിച്ചതു റഷ്യമാത്രമാണ്. അതുപോലെ, എണ്ണഖനനത്തിൽ റുമേനിയയും മററു സോഷ്യലിസ്റ്റ്രാജ്യങ്ങളും നമ്മെ സഹായിച്ചിരുന്നില്ലെങ്കിൽ, പാകിസ്ഥാനെതിരായി വിജയകരമായ ഒരു ചെറുത്തുനിൽപ്പു സംഘടിപ്പിക്കാൻ നമുക്കു ഒരിക്കലും സാധിക്കുമായിരുന്നില്ല.

### പാകിസ്ഥാനുള്ള അമേരിക്കൻ സഹായം

ഇന്ത്യയുടെ ഭക്ഷ്യാവശ്യങ്ങൾ നിറവേററാൻ സഹായിച്ചുകൊണ്ടിരിക്കെ അമേരിക്ക പാകിസ്ഥാനെ നഖശിഖാന്തം ആയുധമണിയിക്കുകയായിരുന്നു. പാകിസ്ഥാനിലെ ഓരോ വ്യക്തിക്കും 150 രൂപയെന്ന തോതിൽ സൌജന്യമായ ആയുധദാനം അമേരിക്ക ചെയ്തിട്ടുണ്ടെന്നാണ് ഒരു കണക്കുകൊണ്ടു കാണുന്നതു. ഒരുപക്ഷേ അമേരിക്ക നൽകിയ ആയുധദാനം ഇതിലുംഅധി

കമായിരിക്കാം. ഇന്ത്യാഉപഭൂഖണ്ഡത്തിൽ ശക്തിതുലനം നിലനിർത്തുകയായിരുന്ന അമേരിക്കയുടെ ഉദ്ദേശം, പാകിസ്ഥാന്റെയും ഇന്ത്യയുടേയും ഭൂവിസ്തൃതിയിലും ജനസംഖ്യയിലും വ്യവസായങ്ങളിലുമുള്ള വ്യത്യാസം മുൻനിർത്തി നോക്കിയാൽ ഇന്ത്യയുടെ ഏകദേശം അത്രതന്നെ സൈനികശക്തി പാകിസ്ഥാനുണ്ടാകണമെങ്കിൽ, പാകിസ്താന്റെ ആയുധശക്തി ഇന്ത്യയുടെ ആയുധശക്തിയുടെ നാലോ അഞ്ചോ ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നു കാണാം. കാരണം, വിശാലവും കുറെയൊക്കെ വ്യവസായവൽകൃതവുമായ ഇന്ത്യയ്ക്കു്, യുദ്ധം തുടങ്ങിയാൽ, സ്വന്തം സൈനികശക്തി സ്വയം വർദ്ധിപ്പിക്കാൻ കഴിയും. പാകിസ്താനു അതിനു് വൈദേശികസഹായത്തെത്തന്നെ അവലംബിയ്ക്കണം. അതിനാൽ പാകിസ്താന്റെ സംഖ്യാബലത്തിലും വ്യവസായബലത്തിലുമുള്ള ന്യൂനത സൈനികസാമഗ്രികളുടെ— മിലിട്ടറി ഹാർഡ്‌വെയർ—ആധിക്യംകൊണ്ടു നികത്താനാണു് അമേരിക്ക ശ്രമിച്ചതു്. ഈ ശ്രമം സ്വകാര്യമൊന്നുമായിരുന്നില്ല. അമേരിക്കയിലെ "കൗൺസിൽ ഓഫ് ഫോറിൻ റിലേഷൻസ്" പ്രസിദ്ധം ചെയ്യുന്നതും, അമേരിക്കൻ ഗവർമ്മേണ്ടിന്റെ ഔദ്യോഗികാഭിപ്രായങ്ങളെ പ്രതിഫലിപ്പിക്കുന്നതുമായ "ഫോറിൻ അഫയേഴ്സ്" എന്ന ത്രൈമാസികയുടെ 1965 ജനവരിയിലെ ലക്കത്തിൽ ഇന്ത്യൻകാര്യങ്ങളിൽ ഒരു വിദഗ്ധനും "ഇന്ത്യ: ദി മോസ്റ്റ് ഡെയ്ഞ്ചറസ് ഡെക്കേഡ്" എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ മി. സേലിഗ് ഹാരിസൺ "കുഴപ്പത്തിൽപ്പെട്ട ഇന്ത്യയും അവരുടെ അയൽക്കാരും" എന്ന ഒരു ലേഖനമെഴുതിയിട്ടുണ്ടു്. അതിൽ അമേരിക്കയുടെ ഈ ഉദ്ദേശത്തെ ഏറെക്കുറെ വ്യക്തമായിത്തന്നെ പ്രകാശിപ്പിച്ചിട്ടുണ്ടു്. ഇതൊരുദാഹരണംമാത്രം. ഇന്ത്യാ-പാകിസ്ഥാൻപ്രശ്നത്തിൽ അമേരിക്കയുടെ നിലപാടെന്താണെന്നു് നാം മനസ്സിലാക്കാതിരുന്നുവെങ്കിൽ അതിനു കാരണം അമേരിക്കയുടെ കൂടനീതിയല്ല; നമ്മുടെ അന്ധതമാത്രമാണു്. ബ്രിട്ടനെസ്സംബന്ധിച്ചും വസ്തുത ഇതുതന്നെയാകുന്നു; പാകിസ്ഥാനെ സൃഷ്ടിച്ചതും നിലനിർത്തുന്നതും ബ്രിട്ടീഷ് യാഥാസ്ഥിതികത്വമാണെന്നു് ആരാണറിയാത്തതു്? ഈ യാഥാസ്ഥിതികത്വം പാകിസ്ഥാനെ സംരക്ഷിക്കാൻ പാഞ്ഞെത്തിയാൽ എന്തത്ഭുതം? ബ്രിട്ടനെയും അമേരിക്കയേയും സ്വാതന്ത്ര്യത്തിന്റേയും സംസ്കാരത്തിന്റേയും അഭിവൃദ്ധിയുടെയും നീതിയുടേയും വൈകുണ്ഠങ്ങളായി കണ്ടുവന്ന നമ്മുടെ ഭരണവർഗ്ഗത്തിന്റെ വ്യാമോഹത്തെ അടിച്ചുതകർത്തതിനു് പാക് നുഴഞ്ഞുകയററക്കാരോടു് നാം കൃതജ്ഞരായിരിയ്ക്കേണ്ടതാണു്.



**Programme of the Communist party of the Soviet Union.** pp 160 Rs. 0.25

This is the document of great significance chartingthe way of advance of the Soviet society to communism. The programme was adopted at the 22nd Party Congress of the CPSU for building a communist society of peace and plenty.

**Rules of the Communist Party of the Soviet Union.**

pp 30 Rs. 0.10

The rules adopted at the 22nd Congress of the CPSU. The new constitution of the CPSU in the changing conditions of work and ideological development of the cadres of the CPSU.

Postage extra.

*Order from:* **Prabhath Book House**

TRIVANDRUM, ERNAKULAM, ALLEPPEY, CALICUT, CANNANORE

## വ്യാമോഹമരുത്

എന്നാൽ, ഈ വ്യാമോഹഭാഗം, ഇതിനുതികച്ചും എതിർവശത്തുള്ള മറെറാരു വ്യാമോഹത്തിലേക്കു നമ്മെ നയിച്ചുകൂട. ഏതു പ്രശ്നത്തിലും റഷ്യ നമ്മുടെ ഭാഗത്തുണ്ടായിരിക്കുമെന്ന വ്യാമോഹത്തെയാണു് ഞാനിവിടെ ഉദ്ദേശിക്കുന്നതു്. നാം സ്വാതന്ത്ര്യം നേടിയതുമുതൽ ഇന്നോളം, അന്താരാഷ്ട്രീയകാര്യങ്ങളിൽ റഷ്യ നമ്മുടെ ഭാഗത്തായിരുന്നു എന്നതു ശരിതന്നെ. പക്ഷെ, ഇതിനു കാരണം ഇന്ത്യയോടു റഷ്യക്കു് അന്ധമായ എന്തെങ്കിലും സ്നേഹം ഉണ്ടെന്നതല്ല; ഇന്ത്യയെ ചാരിനില്ക്കുന്നതുകൊണ്ടു് സൂത്രത്തിൽ എന്തെങ്കിലും റഷ്യക്കു നേടാനുണ്ടെന്നതുമല്ല. അന്താരാഷ്ട്രീയരംഗത്തു സഹകരണമോ നിസ്സഹകരണമോ വൈരമോ വൈരുദ്ധ്യമോ എല്ലാം ഉണ്ടാവുന്നതു് താൽപര്യങ്ങൾ ഒത്തുപോകുകയോ തമ്മിലിടയുകയോ ചെയ്യുമ്പോഴാണു്. റഷ്യ നമ്മെ ഇതുവരെയും സഹായിച്ചുപോന്നിരുന്നുവെങ്കിലതിനു കാരണം, നമ്മുടെ ദേശീയനയങ്ങളും അന്താരാഷ്ട്രീയനയങ്ങളും റഷ്യയുടെ താൽപര്യങ്ങളോടു പൊരുത്തപ്പെട്ടു പോയിരുന്നതാണു്.

ഒരു സോഷ്യലിസ്റ്റ് ജനാധിപത്യ വ്യവസ്ഥിതി പടുത്തുയർത്തുകയായിരുന്നു നമ്മുടെ ദേശീയനയം. ഈ ലക്ഷ്യത്തിലേയ്ക്കുള്ള നമ്മുടെ പ്രയാണം അത്യന്തം മന്ദമായിരുന്നു എന്നോ, പലപ്പോഴും നാം നിശ്ചലരായിനില്ക്കുകയോ പിന്നോക്കം പോവുകയോ ആയിരുന്നു എന്നോ, കരുതുന്നവരുണ്ടാവാം. അതിന്നൊക്കെ അനുകൂലമായ എത്രയെങ്കിലും വസ്തുതകൾ നിരത്തിവെയ്ക്കാനുമുണ്ടാവും. എങ്കിലും, സോഷ്യലിസ്റ്റ് ജനാധിപത്യ വ്യവസ്ഥിതിയെന്ന പ്രഖ്യാപിത ലക്ഷ്യം നാം ഇതുവരെയും കൈവെടിഞ്ഞിട്ടില്ല; അതു കൈവെടിയുകയോ, അതിന്നു തികച്ചും എതിരായ നടപടികൾ ബോധപൂർവ്വം കൈക്കൊള്ളുകയോ ചെയ്യുംവരെ, നമ്മുടെ ദേശീയനയം റഷ്യയുടെ താൽപര്യങ്ങൾക്കു് എതിരാവേണ്ടതില്ല.

അന്താരാഷ്ട്രീയരംഗത്ത് സമാധാനവും സഹകരണവും പുലർത്തുന്നതിനാണ് നാം ഇതുവരെ പരിശ്രമിച്ചുവന്നത്. ഒരുപക്ഷെ, ആഭ്യന്തരരംഗത്തു ലഭിച്ചതിൽ കൂടുതൽ വിജയം അന്താരാഷ്ട്രീയരംഗത്ത്, നെഹ്റുവിന്റെ നേതൃത്വത്തിൽ, ഇന്ത്യക്കു ലഭിക്കുകയുണ്ടായി. നമ്മുടെ ഈ അന്താരാഷ്ട്രീയനയം റഷ്യയുടെ താൽപര്യങ്ങൾക്കതികച്ചും ഇണങ്ങുന്നതായിരുന്നു. സൈനികസഖ്യങ്ങൾ സൃഷ്ടിച്ച് റഷ്യയെ വലയംചെയ്യുന്നതിനുള്ള ആംഗ്ലോ-അമേരിക്കൻ പരിശ്രമത്തെ നാം പരാജയപ്പെടുത്തി. ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യസംരംഭങ്ങൾക്ക നാം പൂർണ്ണമായ പിൻതുണ നൽകി. സൂയസ്സ് പ്രശ്നത്തിൽ നാം എടുത്ത നിലപാട് ബ്രിട്ടീഷ് സാമ്രാജ്യവാദത്തിന്റെ തലയ്ക്ക് അവസാനത്തെ കടുത്ത പ്രഹരമേൽപ്പിച്ചു. ഇതെല്ലാം റഷ്യയുടെ താൽപര്യങ്ങളുമായി യോജിച്ചുപോകുന്ന പ്രവൃത്തികളായിരുന്നു. ചീനയുമായുള്ള നമ്മുടെ ബന്ധവും റഷ്യയുടെ അനുഭാവം നമുക്ക് ആർജ്ജിച്ചുതന്നു. ഒരേ കാലത്താണ് റഷ്യയോടും ഇന്ത്യയോടും ചീന സൌഹാർദ്ദം പുലർത്തിയതും വൈരം ആരംഭിച്ചതും.

റഷ്യ ഇന്നൊരു സംതൃപ്തരാജ്യമാണ്. ലോകസമാധാനം നിലനിൽക്കുകയാണ് റഷ്യയുടെ ആവശ്യം. സമാധാനാന്തരീക്ഷത്തിൽ, കാർഷിക-വ്യവസായികോൽപാദനം അഭിവൃദ്ധിപ്പെടുത്തി; പടിഞ്ഞാറൻ യൂറോപ്പിലെയും അമേരിക്കയിലെയും ജീവിതനിലവാരത്തെ കവച്ചുവെച്ച്, കമ്മ്യൂണിസത്തിന്റെ വാഗ്ദാനം നിറവേററുവാനാണ് റഷ്യ ശ്രമിക്കുന്നത്. അയൽപക്കത്തുള്ള ഇന്ത്യയിൽ സമാധാനം പുലരേണ്ടത് റഷ്യയുടെ ഈ പരിശ്രമത്തിന് അനുപേക്ഷണീയമാകുന്നു. ഇന്ത്യയിൽ വിപ്ലവമോ, ആഭ്യന്തരകലാപങ്ങളോ, പുറമെനിന്നുള്ള ആക്രമണമോ ഉണ്ടായാൽ, ഇപ്പോൾത്തന്നെ പ്രക്ഷുബ്ധമായ ദക്ഷിണപൂർവ്വേഷ്യയെ അതു പ്രക്ഷുബ്ധതരമാക്കാതിരിക്കയില്ല. ഇതിന്റെ ഫലം അണ്വായുധങ്ങൾ ധാരാളമായി ഉപയോഗിച്ചുകൊണ്ടുള്ള ഒരു മൂന്നാംലോകമഹായുദ്ധമായേക്കാം ഇതെങ്ങിനെയും തടയേണ്ടത് റഷ്യയുടെ ദേശീയലക്ഷ്യം നേടാൻ മാത്രമല്ല, മനുഷ്യപരിഷ്ക്കാരത്തിന്റെ അതിജീവനത്തിനു തന്നെ ആവശ്യമാണെന്നു റഷ്യ കരുതുന്നുണ്ട്. ഇവിടെയാണ് ഇന്ത്യാ-റഷ്യാ-സഹകരണത്തിന്റെ അടിത്തറ നാം തേടേണ്ടതു്.

## തണുത്ത യുക്തിവിചാരം

ഇതിന്നർത്ഥം എല്ലാ കാര്യങ്ങളിലും റഷ്യ നമ്മുടെ ഹിതം നോക്കിയേ പ്രവർത്തിക്കൂ എന്നതല്ല. പാക്കിസ്ഥാനിൽ ഒരു ഉരുക്കുമിൽ സ്ഥാപിക്കാൻ റഷ്യ വൻതോതിൽ സഹായം നൽകുന്നതാണെന്ന് കഴിഞ്ഞ ആഴ്ച പത്രങ്ങളിൽ റിപ്പോർട്ടുചെയ്തിരുന്നു. കാശ്മീർ പ്രശ്നം സംബന്ധിച്ച് ആംഗ്ലോ-അമേരിക്കൻ ശക്തികളോട് നമുക്കുള്ളത്ര തന്നെ നീരസം പാക്കിസ്ഥാനുമുണ്ട്. മററൊരു കുട്ടിയുടെ കൈയ്യിലുള്ള ഭംഗിയേറിയ കളിപ്പാട്ടം തനിക്കു പിടിച്ചുപറിച്ചു തരാത്തതിന് സ്വന്തം അമ്മമാരോട് ശുണ്ഠിയെടുക്കുന്ന കുട്ടികളെ നാമെല്ലാം കണ്ടിരിക്കും. ഈ കുട്ടികളെപ്പോലെ ചിലപ്പോൾ രാഷ്ട്രങ്ങളും പെരുമാറിയേക്കാമെന്ന് പാക്കിസ്ഥാന്റെ പെരുമാററം നമുക്കു സ്പഷ്ടമാക്കിത്തരുന്നു. ഈ ഘട്ടത്തിൽ പാക്കിസ്ഥാനെ ആംഗ്ലോ-അമേരിക്കൻ ചേരിയിൽനിന്നു കൂടുതൽ അകററാൻ റഷ്യ സാമ്പത്തികസഹായമടക്കം പല തന്ത്രങ്ങളും പ്രയോഗിക്കുമെന്നതു സ്വാഭാവികം മാത്രമാണ്. ഇതുപോലെ, വേറെയും പല കാര്യങ്ങളിലും ഇന്ത്യയുടെയും റഷ്യയുടേയും താൽപര്യങ്ങൾ വിഭിന്നങ്ങളാവാം. ചീനക്കൂറുള്ള ഇൻഡോനേഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അടിച്ചമർത്തുന്നതിന്നെതിരെ റഷ്യ പ്രതിഷേധിച്ചതു നാം കണ്ടതാണല്ലോ. ഇത്തരം സന്ദർഭങ്ങളിൽ നമുക്കെതിരായാണ് റഷ്യ പ്രവർത്തിക്കുന്നതെന്നു നമുക്കു തോന്നുകയും ചെയ്യാം.

ഒരു മനുഷ്യൻ മററൊരു മനുഷ്യനെ ഭയമൂലമോ സ്നേഹംമൂലമോ നിസ്സ്വാർത്ഥമായി സഹായിക്കുകയെന്നതു് അസാധാരണമല്ല. എന്നാൽ ഒരു രാഷ്ട്രം മററൊരു രാഷ്ട്രത്തെ അങ്ങിനെ സഹായിക്കുകയെന്നതു് ഉണ്ടാവാത്തതാണ്. രാഷ്ട്രങ്ങൾ തമ്മിൽ ഇണങ്ങുന്നതും പിണങ്ങുന്നതും സ്വന്തം താൽപര്യങ്ങൾ മുൻനിർത്തിയാണ്. രാഷ്ട്രതന്ത്രത്തിൽ വികാരത്തിനു സ്ഥാനമില്ല. അവിടെ തണുത്ത യുക്തിവിചാരത്തിനുമാത്രമേ പ്രസക്തിയുള്ളു. ഈ വസ്തുത നാം മനസ്സിലാക്കുന്നതു് ഭാവിയിൽ വ്യാമോഹങ്ങളും, അവയെത്തുടർന്നുള്ള ഉഗ്രനൈരാശ്യങ്ങളും കോപതാപങ്ങളും ഒഴിവാക്കാൻ സഹായിക്കും.

NATIONAL SAVINGS

For

DEFENCE & DEVELOPMENT

നമ്മുടെ ദേശീയലക്ഷ്യം സോഷ്യലിസ്റ്റ് ജനാധിപത്യ വ്യവസ്ഥിതിയായിരിക്കുകയും, മെല്ലെയെങ്കിലും നിശ്ചിതമായി ആ ലക്ഷ്യം നേടുന്നതിന്ന് നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയും, ആ ലക്ഷ്യത്തിൽനിന്ന് നമ്മെ അകററുന്ന ഒരു പരിപാടിയും ബോധപൂർവ്വം കൈക്കൊള്ളാതിരിക്കുകയും, അന്താരാഷ്ട്രീയരംഗത്തു് ലോകസമാധാനത്തിനും സഹകരണത്തിനുംവേണ്ടി നിലകൊള്ളുകയും, ആക്രമണത്തെ, അതെവിടെനിന്നുവന്നാലും, വെച്ചുപൊറുപ്പിക്കാതിരിക്കുകയും ചെയ്യുന്നകാലത്തോളം റഷ്യയുടെ സഹകരണവും സഹാനുഭാവവും നമുക്കുണ്ടാകുമെന്ന് ഉറപ്പിയ്ക്കാം—റഷ്യ ആ രാഷ്ട്രത്തിന്റെ ഇന്നത്തെ ദേശീയവും അന്തർദേശീയവുമായ ലക്ഷ്യങ്ങളിൽ ഊന്നിനില്ക്കുകയാണെങ്കിൽ, അവിടത്തെ ഗവണ്മെൻറിൽ സമൂലപരിവർത്തനം വരാതിരിക്കുകയാണെങ്കിൽ.

[ഇന്ത്യയുടെ നയം മാറിയാൽ സോവ്യററ് റഷ്യ ഇന്ത്യയോടെടുക്കുന്ന നയവുംമാറുമെന്ന ശ്രീകൃഷ്ണവാരിയരുടെ സൂചന ശ്രദ്ധേയമാണ്. പക്ഷെ, ഇന്ത്യ ലേഖനത്തിൽ പറഞ്ഞ നയത്തിൽ എന്തിന്നു വ്യത്യാസം വരുത്തണം? എന്തുകൊണ്ടു ഇപ്പോഴത്തെ നയം തന്നെ കൂടുതൽ ശക്തമായി പിന്തുടർന്നുകൂടാ? ഇക്കാര്യത്തിൽ കുറേക്കൂടി നിർമ്മാണാത്മകമായ ഒരു സമീപനം ശ്രീകൃഷ്ണവാരിയരെപ്പോലുള്ളവരിൽനിന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. ന. പ.]

മാതൃഭൂമി, കോഴിക്കോടു്,
28—10—1965

—0—